നം.കെഎസ്എ-കെടിഎം.പി.12-1/2017 തീയതി- 30.12.2016

# കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.01.2016 മുതൽ 30.11.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 09/12/2016 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.12.2016 മുതൽ 8.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സാബു.സി ജോർജ് , ഓഡിറ്റ് ഓഫീസർ<br>ശ്രീമതി വി.ലേഖ ,അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ദർശന.വി. സീ.ഗ്രേ.ഓഡിറ്റർ<br>ശ്രീ.ജോർജ്കുട്ടി ജോസഫ്., ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മോളി ജോർജ് | 1/04/15 മുതൽ /30/10/2015 വരെ |
| | ശ്രീ.ബെന്നി തോമസ് | 12/11/2015 മുതൽ 31/03/2016 വരെ |
| സെക്രട്ടറി | ശ്രീമതി സോണിയ.പി.മാത്യു.<br>അസി.സെക്രട്ടറി-ഇൻ-ചാർജ് ഓഫ് സെക്രട്ടറി | 1/4/2015 മുതൽ 28/7/2015 വരെ |
| | ശ്രീമതി ബിന്ദു.എ.ജോയ് | 29/7/2015 മുതൽ 31/3/2016 വരെ |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജിജോ ജോസ് | 01/04/2015-31/03/2016 |
| വെറ്റിനറി സർജൻ | ഡോ.സുജ.എം.ചാക്കോ | 01/04/2015-31/03/2016 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.രാജേഷ് എബ്രഹാം | 01/04/2015-31/03/2016 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.അഞ്ജലി.വി.<br>(അഡീഷണൽ ചാർജ്) | 01/04/2015-10/4/15 എഫ്.എൻ.<br>20/12/15 -31/12/15 |
| | ഡോ.പി.ഐശ്വര്യ | 10/4/15 എഫ്.എൻ.-20/12/15<br>31/12/15-31/3/16 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ജി.എസ്.മനോജ്<br>ഡോ.സൗദ.(അഡീഷണൽ ചാർജ്)<br>ഡോ.ഷെറീന | 01/04/2015-14/06/2015<br>14/6/2015 -20/01/16<br>20/01/16-31/03/16 |
| അസി.എൻജിനീയർ | ശ്രീ.കബീർ<br>ശ്രീ.മഹേഷ്.പി.മോഹൻ | 01/04/2015-30/05/2015<br>1/6/2015 -31/03/2016 |
| വി.ഇ.ഒ (ആനിക്കാട് വെസ്റ്റ് സർക്കിൾ) | ശ്രീ.മഹേഷ് ബാലചന്ദ്രൻ | 01/04/2015-31/03/2016 |
| വി.ഇ.ഒ (ആനിക്കാട് ഈസ്റ്റ് സർക്കിൾ) | ബെറ്റ്സി തോമസ് | 01/04/2015 -31/3/2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ജാസ്മിൻ.കെ. | 01/04/2015-31/03/2016 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.ജെമിനി ജോൺ | 01/04/2015-31/03/2016 |

<u>ഉള്ളടക്കം</u>


| ഖണ്ഡിക.നമ്പർ | വിഷയം |
|---|---|
| ഭാഗം 1--പൊതുഅവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |

| | |
|---|---|
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2--വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-1-2 | കാലാവധി കഴിഞ്ഞ ചെക്കുകൾ ക്യാൻസൽ ചെയ്യുന്നില്ല |
| 2-1-3 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ--പണം പിരിവ്/ഒടുക്കിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല |
| 2-2-1 | പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ നടപടികൾ കാര്യക്ഷമമല്ല |
| 2-2-2 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു |
| 2-2-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി--വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 2-2-4 | വിമുക്തഭടന്മാർക്ക് വസ്തുനികുതിയിളവ് നൽകിയതിലെ അപാകതകൾ |
| 2-3-1 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-3-2 | തൊഴിൽ നികുതി കുറവ് ഈടാക്കി |
| 2-3-3 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ |
| 2-4-1 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല |
| 2-4-2 | ബിൽഡിംഗ് പെർമിറ്റ് ഫീസിൽ കുറവ് വന്ന തുക ഈടാക്കി |
| 2-5 | വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല |
| 2-6 | സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ--ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തെരുവ് വിളക്കുകളുടേയും പഞ്ചായത്ത് വക കെട്ടിടങ്ങളുടേയും വൈദ്യുതി ചാർജ്ജ് ഒടുക്കൽ--കൺസ്യൂമർ നമ്പരുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല |
| 3-2 | പഞ്ചായത്തിലെ വി.പി.എൻ. കണക്ഷൻ--വാർഷിക തുക ഒടുക്കിയതിൽ കാലതാമസം--അനാവശ്യമായി ബോഡ്ബാൻഡ് കണക്ഷൻ തുടരുന്നു. |
| 3-3 | സർവർ കമ്പ്യൂട്ടറിലും ക്ലയന്റ് കമ്പ്യൂട്ടറുകളിലും ഓപ്പറേറ്റിംഗ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്തത്--ഐ.കെ.എം. റിപ്പോർട്ട് തേടിയിട്ടില്ല |
| 3-4 | കുടിവെള്ള പദ്ധതികൾ--ജില്ലാ കളക്ടറുടെ ഉത്തരവിലെ നിർദ്ദേശം മറികടന്ന് ആദായ നികുതി ഒഴിവാക്കി |

| | |
|---|---|
| 3-5 | കമ്പ്യൂട്ടർവൽക്കരണം--പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-6 | കറുകടി അങ്കണവാടി മെയിന്റനൻസ്--കോൺട്രാക്ടറിൽ നിന്നും ഈടാക്കിയ ഫൈൻ--ഡി.ഡി.യായി സൂക്ഷിക്കുന്നത് ക്രമവിരുദ്ധം |
| 3-7-1 | ആവശ്യാധിഷ്ഠിതമല്ലാതെ എസ്.സി.പി. ഫണ്ടുപയോഗിച്ച് ഫർണീച്ചർ വാങ്ങി |
| 3-7-2 | പഞ്ചായത്ത് ഓഫീസ് ഫർണീഷിങ്ങും ക്യാബിൻ/പാർട്ടീഷൻ നിർമ്മാണവും-സാമ്പത്തിക അച്ചടക്കം പാലിച്ചിട്ടില്ല. |
| 3-8 | ഡെപ്പോസിറ്റ് പ്രവൃത്തികൾ--നിർവ്വഹണ ഏജൻസി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ തുക മുൻകൂർ ഈടാക്കുന്നു--പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം |
| 3-9 | നിർബന്ധിത പ്രോജക്ടുകൾ/ജി.ഒ. പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിക്കുന്നത് വിനിയോഗ വിവരം ലഭ്യമല്ല |
| 3-10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30-03-2015 തിയതിയിലെ 4 -ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 781000 | 12406236.79 | 11625236.79 |
| വരവ് | 93233000 | 19971750 | 73261250 |

| | | | |
|---|---|---|---|
| ആകെ | 94014000 | 32377986.79 | 61636013.21 |
| ചെലവ് | 9288700 | 29272086 | 19983386 |
| നിക്കിയിരിപ്പ് | 1127000 | 3105900.79 | 1978900.79 |

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ഹാർഡ് കോപ്പി ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 30-07-2016 |

## 1-3 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു | ഓഡിറ്റ് റിപ്പോർട്ടിന്റെ അതേ നമ്പരിലും തീയതിയിലും ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12406236.79 |
| വരവ് | 19971750 |
| ആകെ | 32377986.79 |
| ചെലവ് | 29272086 |
| നീക്കിയിരിപ്പ് | 3105900.79 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസഫർ ക്രഡിറ്റ് | അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 970410 | 1716003 | 6167815 | 6167815 | (+)3481402 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1317112 | 616075 | 766074 | 766074 | (-)1167113 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 144285 | 44928 | 44928 | 44928 | (-)144285 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 951428 | 3362915 | 4314343 | 5311986 | | 0 |
| സംരക്ഷണഗ്രാന്റ് (നോൺ-റോഡ്) | 1588396 | 782543 | 2370939 | 1373296 | 0 | 0 |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 895055 | 2552476 | 3356129 | 3356129 | (-)91402 | 0 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 2078602 | 0 | 0 | | (-)2078602 | 0 |

*കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് മുൻപ് 997643 രൂപ എം.ജി(നോൺ -റോഡ്) വിഹിതത്തിൽ നിന്നും എം.ജി (റോഡ്) ലേക്ക് അഡ്ജസ്റ്റ് ചെയ്തു. എം.ജി (നോൺ-റോഡിലെ പബ്ലിക്ക് അക്കൗണ്ടിൽ നിന്നുള്ള ചെലവ് 590753 രൂപയാണ്.)

മേൽ വിവരിച്ച പ്രകാരമുള്ള ഫണ്ടിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിനിയോഗ വിവരങ്ങൾ പരിശോധിച്ചതിൽ ചെലവ് ശതമാനം താരതമ്യേന കുറവായിരുന്നുവെന്ന് കാണുന്നു. ലോകബാങ്ക് ധനസഹായമിനത്തിൽ ലഭ്യമായിരുന്ന 2078602/- രൂപ തൻവർഷം വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. (വിനിയോഗ ശതമാനം-0). വികസനഫണ്ട് (എസ്.സി.പി.) വിഭാഗം 30.2 ശതമാനവും ടി.എസ്.പി. ഫണ്ട് 12% വും സംരക്ഷണഗ്രാന്റ് (നോൺ-റോഡ്) 38 ശതമാനവും മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മ മൂലം ലഭ്യമായ ഫണ്ടുകൾ പൊതുജനക്ഷേമകരമായ പ്രോജക്ടുകൾക്ക് വേണ്ടി വിനിയോഗിക്കാൻ സാധിക്കാതെ വരുന്നത് ഉചിതമല്ല. മാത്രമല്ല തുടർന്നുള്ള വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റിനത്തിലും (ലോകബാങ്ക് ധനസഹായം) മറ്റും ലഭിക്കാവുന്ന തുകയിൽ കുറവ് ഉണ്ടാകാനുള്ള സാധ്യതയും നിലനിൽക്കുന്നു. ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതയില്ലായ്മ പരിഹാര നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 178 | 33425972 | 98 | 20431035 | 04 | 55 |

2015-16 ലെ വാർഷിക പദ്ധതിയ്ക്ക് 31.3.15 ലെ 6-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും,490/15/ഡിപിസി/ഡിപിഒ/കെറ്റിഎം/തീ.24.6.2016 ഉത്തരവ് പ്രകാരം ജില്ലാപ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. 2015-16 വാർഷിക പദ്ധതി രൂപീകരണത്തിന്റ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭ | 26.1.15 -8.2.15 |
| വികസന സെമിനാർ | 28.2.15 |
| വികലാംഗ ഗ്രാമസഭ | 25.3.15 |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം | 4.7.15 -12.7.15 |
| ഊരുകൂട്ട യോഗം | 14.7.15 |
| പ്രൊക്യൂർമന്റ്കമ്മിറ്റി യോഗങ്ങൾ | 14.9.15 ,3.10.15 ,2.3.16 |

തൻവർഷത്തെ വാർഷിക പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ മോണിറ്ററിങ്ങ് നടപടികൾ ഓഡിറ്റിൽ വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകളും നേട്ടകോട്ടങ്ങളും ചുവടെ വിവരിക്കുന്നു.

1-ഗ്രാമ സഭകളിലും പ്രവർത്തന കമ്മറ്റിയോഗങ്ങളിലും വികസനസെമിനാറിലും പതിവ് രീതിയിലുള്ള കുറെ പ്രോജക്റ്റ് നിർദ്ദേശങ്ങൾ ഉയർന്നതല്ലാതെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തലും പരിഹാര നിർദ്ദേശങ്ങളും ഉണ്ടായിട്ടില്ല.സോഷ്യൽ ഓഡിറ്റിങ്ങ് പ്രക്രിയ ഫലപ്രദമായിരുന്നില്ല.

2-മുൻവർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിലൂടെയും മറ്റ് തലങ്ങളിൽ നിന്നുള്ള സഹായത്തോടെയും ആർജ്ജിച്ചിട്ടുള്ള ആസ്തികൾ വരുമാനദായകമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും ആസ്തികൾ കേടുപാടുകൾ നീക്കി സുരക്ഷിതമായി പരിപാലിക്കുന്നതിലും ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല (ഉദാ. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ എസ്.സി.തൊഴിൽ പരിശീലന കേന്ദ്രം, ഇരുമ്പള്ളി വില്ലേജ് ഹാറ്റ് എന്ന കെട്ടിടം മുതലായവ).

3-ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിക്കുന്നതിനോടൊപ്പം

എല്ലാ വ്യവസ്ഥകളും പൂർണ്ണമായി ഉൾപ്പെടുത്തി നിയമ സാധുത ലഭിക്കുന്ന വിധമുള്ള കരാർ ചമയ്ക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ കരാർ അപൂർണ്ണവും പൂർത്തീകരണ തീയതി, കരാർ ലംഘനത്തിന്മേലുള്ള പിഴ ഈടാക്കൽ തുടങ്ങിയ അതിപ്രധാന വ്യവസ്ഥകൾ ഉൾപ്പെടുത്താത്തതുമായിരുന്നു.

4- വാർഷിക പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് കൃത്യമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ പരാജയമായിരുന്നുവെന്ന് വിവിധ ഫണ്ടിനങ്ങളുടെ ചെലവ് ശതമാനം വ്യക്തമാക്കുന്നു. പെർഫോമൻസ് ഗ്രാന്റിനത്തിൽ ലഭിച്ച തുകയൊന്നും തൻവർഷം ചെലവഴിച്ചിട്ടില്ല.വികസന ഫണ്ട് ടി.എസ്.പി വിഭാഗത്തിൽ 12% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. എസ്.സി.പി 30%, സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഭാഗത്തിൽ നിന്നും 38% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (ഖ.1-5 കൂടി കാണുക).

5-തൻവർഷം നടപ്പിലാക്കിയ ഭവനപുനരുദ്ധാരണം പോലെയുള്ള വ്യക്തിഗത പ്രോജക്ടുകളും പശ്ചാത്തല മേഖലാപ്രോജക്ടുകളും നേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുണ്ട്. എങ്കിലും ആധികാരികമായ രീതിയിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള പ്രോജക്ട് പൂർത്തീകരണ പത്രങ്ങളും മോണിറ്ററിങ്ങ് റിപ്പോർട്ടുകളും അതാത് പ്രോജക്ട് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കപ്പെട്ട തുകയ്ക്കനുസൃതമായി ഭൗതീക നേട്ടം കൈവരിച്ചിട്ടുണ്ടോയെന്ന് രേഖാപരമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-7 തനത് വരുമാനം

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷികധനകാര്യപത്രിക പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യതിയാനമുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം (ലഭ്യമാക്കിയ കണക്കുകൾ പ്രകാരം) | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1067850 | 26793374 | (+) 25725524 | കണക്കുകളുടെ സൂക്ഷിപ്പിലെ ന്യൂനതമൂലം ശരിയായ ശതമാന വിശകലനം സാധ്യമാവുന്നില്ല. മുൻവർഷം നികുതി/നികുതിയേതര ഇനങ്ങളുടെ വർഗീകരണം നടത്തിയതിൽ പിഴവുണ്ടായിട്ടുണ്ട്. ആകെ വരവിൽ ഏകദേശം 0.8 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. |
| നികുതിയേതര വരവുകൾ | 43037207 | 1022939 | (-) 42014268.79 | |
| മറ്റുവരവുകൾ | 306378 | 16269437 | (-)15963059 | |
| ആകെ | 44411435 | 44085750 | 325685 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66480 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 1239120 | 139 |
| വിധവാപെൻഷൻ | 4859280 | 566 |
| വാർദ്ധക്യകാലപെൻഷൻ | 2046600 | 702 |
| വികലാംഗപെൻഷൻ | 1727140 | 185 |

| | | |
|---|---|---|
| 50കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 237840 | 35 |
| വിവാഹധനസഹായം | 60,000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-12-16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18231/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. ഇംപ്രസ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള ഇംപ്രസ്റ്റ് ബാലൻസ് ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഡിറ്റിന് വിധേയമാക്കിയ സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തികച്ചും താറുമാറായ സ്ഥിതിയിലായിരുന്നുവെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വിവിധ ഫണ്ടിനങ്ങളുടെ കാര്യക്ഷമമായ വിനിയോഗത്തിലും വസ്തുനികുതി പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടു. ഇക്കാര്യങ്ങളിൽ കോട്ടയം ജില്ലയിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്. പുതിയ ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പുതുക്കലിന് നിലവിലുള്ള കെട്ടിടങ്ങളെ സംബന്ധിക്കുന്ന കൃത്യമായ സ്ഥിതി വിവര കണക്കുകൾ (Past Data) അത്യന്താപേക്ഷിതമാണ്. എന്നാൽ 92-93 കാലയളവിലെ കെട്ടിട നികുതി പുതുക്കലിന് ശേഷമുള്ള സപ്ലിമെന്ററി അസസ്മെന്റ്, ഒഴിവാക്കലുകൾ എന്നിവ സംബന്ധമായ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. പുതിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള പുതുക്കലിന് വിധേയമായ കെട്ടിടങ്ങളുടെ വിവരങ്ങളും ഇനിയും പുതുക്കലിന് വിധേയമാകാനുള്ള കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ കൃത്യമായി വിന്യസിക്കാൻ സാധിച്ചിട്ടില്ല. വസ്തുനികുതി പുതുക്കൽ സംബന്ധമായ മാപ്പിംഗ്/സമന്വയിപ്പിക്കൽ (synchronisation) നടപടികളിലും ആശാസ്യമായ പുരോഗതി കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.
വൈദ്യുതി ചാർജ്ജ് ഒടുക്കൽ, വെള്ളക്കരം ഒടുക്കൽ തുടങ്ങിയ ആവർത്തനച്ചെലവുകളുടെ കൃത്യത വ്യക്തമല്ല (വിവിധ കൺസ്യൂമർ നമ്പരുകളുടെ വിശദാംശങ്ങളുടെ അഭാവത്തിൽ). ആസ്തി/ബാധ്യതകൾ കൃത്യമായി മൂല്യ നിർണ്ണയം നടത്തി തിട്ടപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിൽ ആർജ്ജിച്ച കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള ആസ്തികളുടെ തുടർ പരിപാലനത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് എസ്.ജി.എസ്.വൈ. ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതും നിഷ്ക്രിയ ആസ്തിയായി തുടരുന്നതുമായ ഇളമ്പള്ളി വില്ലേജ് ഹാട്ട് എന്ന കെട്ടിടം.
ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകളുടെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.11.2016 | 10/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.6.2008-17.6.2008 | 1997-98 -2007-08 | എൽ.ബി.എ.(എച്ച് .ക്യൂ) 2/8A -1290/108 തീ.16.7.2008 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1-1 വാർഷിക കണക്കുകളുടെ അവലോകനം

2015-16 ലെ വാർഷിക കണക്കിൽ താഴെപറയുന്ന അപാകതകൾ കാണുന്നു

1. 26.7.2011 ലെ ജി.ഒ (എം.എസ്)നം.152/11 /എൽ.എസ്.ജി.ഡിയിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. വിവിധ വരവിനങ്ങളുടെ ഡി.സി.ബി.സ്റ്റേറ്റുമെന്റുകൾ കൃത്യമായി തയ്യാറാക്കാത്തതിനാൽ ആയവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 2-1-2 കാലാവധി കഴിഞ്ഞ ചെക്കുകൾ ക്യാൻസൽ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്ത് ഇഷ്യൂ ചെയ്ത ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ചു നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ,ചട്ടം46).ദീർഘകാലമായി പണമായി മാറാത്ത ചെക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തീയതി | തുക(രൂപ) |
|---|---|---|
| 1803 | 29.02.16 | 550/- |
| 0790 | 23.12.15 | 1300/- |
| 1725 | 6.11.14 | 76/- |
| 1541 | 10.07.15 | 1044/- |

മേൽ ചെക്കുകൾ ക്യാൻസൽ ചെയ്ത് ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-1-3 ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ - പണം പിരിവ് / ഒടുക്കിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നതിനനുസരിച്ച് പിരിക്കുന്ന തുക ഫ്രണ്ട് ഓഫീസിൽ കുടുംബശ്രീ ജീവനക്കാർ മുഖേന അടവാക്കി വരുന്നതായി കാണുന്നു. എന്നാൽ കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്ന വ്യക്തികളിൽ നിന്നും രസീത്/കൂപ്പൺ മുഖേനയല്ലാതെ ഫീസ് ഈടാക്കുന്നതിനാൽ അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/3.12.16) നൽകിയ മറുപടിയിൽ ഈടാക്കുന്ന ഫീസിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി രസീത്/കൂപ്പൺ പ്രിന്റ് ചെയ്യുന്നതിന് തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി ചേർത്ത് കൂപ്പൺ പ്രിന്റ് ചെയ്ത് തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കുകയുണ്ടായി. രസീത്/കൂപ്പൺ മുഖേന ഫീസ് ഈടാക്കി, ഈടാക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2-1 പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ നടപടികൾ കാര്യക്ഷമമല്ല

പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിന് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ(നം.13) ആവശ്യപ്പെട്ടിരുന്നു.

1. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിന് 2011-ൽ സർക്കാർ പുറപ്പെടുവിച്ച, 14.1.2011-ലെ കേരള അസാധാരണ ഗസറ്റ് നം.82, 14.1.2011-ലെ വിജ്ഞാപനം (സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.20/2011/തസ്വഭവ )പ്രകാരം എസ്.ആർ.ഒ നം.37/2011 ആയി ഗ്രാമപഞ്ചായത്തുകളിലെ പ്രസിദ്ധീകരിക്കപ്പെട്ട പരിഷ്കരണ ചട്ടങ്ങൾ (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ), ചട്ടപ്രകാരമുള്ള പരിഷ്കരണം നടപ്പാക്കുന്നതിന് സർക്കാർ നിശ്ചയിച്ച സമയപ്പട്ടിക, തദ്ദേശസ്വയംഭരണവകുപ്പിന്റെ 9.3.12-ലെ ജി.ഒ (ആർടി) നം.716/2012, പഞ്ചായത്ത് ഡയറക്ടറുടെ 8.7.13, 2.5.14 എന്നീ തീയതികളിലെ സി6-6865/11 നമ്പർ സർക്കുലറുകൾ, തദ്ദേശസ്വയംഭരണവകുപ്പിന്റെ 27.04.2015-ൽ ജി.ഒ

( എംഎസ്) 144/2015നമ്പറായി ആയി പുറപ്പെടുവിച്ച ഭേദഗതികൾ, 29.06.2015 ലെ സ.ഉ (എം.എസ്)നം.213/2015 എന്നിവപ്രകാരം പഞ്ചായത്തിലെ വസ്തുനികുതിപരിഷ്കരണത്തിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, പഞ്ചായത്തിലെ ആകെ കെട്ടിടങ്ങളുടെയും കെട്ടിടങ്ങളുടെ നമ്പറിംഗ് പൂർത്തീകരിച്ചതിന്റെയും വിവരം, സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തി ഡിമാന്റ് തയ്യാറാക്കി നോട്ടീസ് നൽകിയ കെട്ടിടങ്ങളുടെ വിവരം മുതലായവ. എന്നാൽ ടി വിശദാംശങ്ങൾ ഒന്നുംതന്നെ ആധികാരികമായ വിധം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം അടിസ്ഥാനവസ്തുനികുതിനിരക്ക് നിശ്ചയിക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വ്യാപകമായ പ്രചാരമുള്ള ദിനപത്രത്തിൽ പരസ്യം നൽകി പ്രചാരണം നൽകിയതിന്റെ വിവരങ്ങൾ, ചട്ടം 4(4) പ്രകാരം സെക്രട്ടറി, അന്തിമവിജ്ഞാപനം ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതിന്റെ വിവരങ്ങൾ മുതലായവ ഫയലിൽ ലഭ്യമല്ല. അടിസ്ഥാനവസ്തുനികുതി നിരക്കുകൾ അന്തിമവിജ്ഞാപനം നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട കമ്മറ്റി തീരുമാനങ്ങളുടെ പകർപ്പ് മാത്രമാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ലഭ്യമാക്കിയിരിക്കുന്നത്.
3. മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 27,28 എന്നിവ പ്രകാരം സേവന ഉപനികുതി പിരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിയുടെ (നം.13) മറുപടിയിൽ സേവനഉപനികുതി 35% ഈടാക്കിവരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ഏതൊക്കെ ഇനത്തിനെന്ന് വ്യക്തമല്ല. ഇത് സംബന്ധമായി നോട്ടിഫിക്കേഷൻ നടത്തിയതായും കാണുന്നില്ല. നിലവിൽ സേവനഉപനികുതി 20 ശതമാനം ആയി കുറവ് ചെയ്തിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതം നോട്ടിഫിക്കേഷൻ നടത്താത്തതിനാലും ഏതൊക്കെ സേവനങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ഇവ ചുമത്തുന്നതെന്ന് വ്യക്തമല്ലാത്തതിനാലും സേവന ഉപനികുതി ഈടാക്കുന്നതിന്റെ നിയമ സാധ്യത വ്യക്തമല്ല.
4. 24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, 3) മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ ഈ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.13) മറുപടിയിൽ 08.01.2016 ലെ പഞ്ചായത്തുകമ്മറ്റിയുടെ 2(b) തീരുമാനം പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയുടെ നിരക്ക് 30 രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. മറ്റുള്ളവയുടെ നിരക്കിന്റെ വിവരം വ്യക്തമല്ല.
5. സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ കെട്ടിടങ്ങളുടെ മാപ്പിംഗ് പൂർത്തീകരിച്ചതിന്റെ വിവരം, ആകെ കെട്ടിടങ്ങളുടെ എണ്ണം, മാപ്പിംഗ് പൂർത്തീകരിച്ചതിന്റെ എണ്ണം/ശതമാനം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. മാപ്പിംഗ് നടപടികളുടെ പുരോഗതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ ജനറേറ്റ് ചെയ്ത് ഓഡിറ്റിൽ ഹാജരാക്കിയ പ്രോഗ്രസ് റിപ്പോർട്ട് വസ്തുതാപരമായ പിഴവുകൾ നിറഞ്ഞതായിരുന്നു (14 മുതൽ 18 വരെയുള്ള വാർഡുകളിലെ ആകെയുള്ള സാംഖ്യ രസീതുകളുടേയും ഇവയിൽ മാപ്പിംഗ് നടത്തിയ രസീതുകളുടേയും എണ്ണം തെറ്റായി രേഖപ്പെടുത്തിയിരുന്നു). ശരിയായ സ്ഥിതി പ്രതിഫലിപ്പിക്കുന്ന റിപ്പോർട്ടുകൾ സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ ജനറേറ്റ് ചെയ്യാൻ സാധിക്കാത്തത് നിലവിൽ അനുവർത്തിക്കുന്ന സംവിധാനത്തിലെ പാളിച്ച വ്യക്തമാക്കുന്നു.

മേൽപ്പറഞ്ഞ വിവരങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ വസ്തുനികുതിപരിഷ്കരണ നടപടികൾ സുതാര്യമായിരുന്നില്ല എന്ന് വ്യക്തമാകുന്നു. വസ്തുനികുതി പുതുക്കൽ നടപടികൾ സുതാര്യമായ വിധത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

## 2-2-2 <u>വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു</u>

2015-16 വർഷം വസ്തുനികുതി നിർണ്ണയിച്ചതും ശ്രീ ചെറിയാൻ ജേക്കബ്, പിറ്റത്താങ്കൽ എന്നയാളിന്റെ

ഉടമസ്ഥതയിലുള്ളതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ 295.68ച.മീറ്റർ (ഗ്രൗണ്ട് ഫ്ലോർ-280.34ച.മീറ്റർ, സ്റ്റെയർ റൂം- 15.34ച.മീറ്റർ) ആണ്. എന്നാൽ ഈ കെട്ടിടത്തിന് നാലായി വിഭജിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് 280.34ച.മീറ്റർ തറവിസ്തീർണ്ണം മാത്രമാണ് കണക്കാക്കിയിരിക്കുന്നത്. സ്റ്റെയർ റൂമിന്റെ തറവിസ്തീർണ്ണം നികുതിനിർണ്ണയത്തിന് ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

ഈ കെട്ടിടത്തിന്റെ 188.8 ച.മീറ്റർ തറവിസ്തീർണ്ണമുള്ള ഭാഗത്തിന് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ എന്നിവയുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 50 രൂപാനിരക്കിൽ നികുതി ചുമത്തുന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ ഗോഡൗൺ എന്നിവയുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 30 രൂപാനിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു. മാത്രമല്ല ഈ കെട്ടിടത്തിനെ നാലായി വിഭജിച്ച് നികുതി നിർണ്ണയം നടത്തിയിരിക്കുന്നു.ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തക്കതായ കാരണത്താൽ (നാലാം ചട്ടം ഒന്നാം ഉപചട്ടം) മാത്രം വ്യത്യസ്ത നമ്പറുകൾ നൽകി നികുതി ചുമത്തേണ്ടതാണെന്നാണ് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(4) നിഷ്കർഷിക്കുന്നത്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

. ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതും നൂറ് ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ചുമത്തിയതും പഞ്ചായത്തിന് നികുതി നഷ്ടമുണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് , വിലാസം | കെട്ടിടനം | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച | | നിർണ്ണയിക്കേണ്ടിയിരുന്ന | | നിർണയിച്ചതിൽ കുറവ് | |
|---|---|---|---|---|---|---|---|---|
| | | | വസ്തുനികുതി | സേവന ഉപനികുതി | വസ്തുനികുതി | സേവന ഉപനികുതി | വസ്തുനികുതി | സേവന ഉപനികുതി |
| ചെറിയാൻ ജേക്കബ് ,പിറ്റത്താങ്കൽ | 13/453 A | 188.8 | 5664+1132.8 (20%വർദ്ധനവ്, റോഡ്)=6797 | 2379 | (ആകെ വിസ്തീർണ്ണത്തിന്) 280.34x50=14017+2802 (20%വർദ്ധനവ്,റോഡ്) =16819 | 5886 | 6725 | 2352 |
| | 13/453B | 27.34 | 820.2+164.04 (20%വർദ്ധനവ്,റോഡ്) =985 | 345 | | | | |
| | 3/453C | 55 | 1650+330 (20%വർദ്ധനവ്,റോഡ്) =1980 | 693 | | | | |
| | 3/453D | 9.2 | 276+55.2 (20%വർദ്ധനവ്,റോഡ്) =332 | 117 | | | | |
| ആകെ | | 280.34 | 10094 | 3534 | | | | |

വസ്തുനികുതി പുനർനിർണയിക്കേണ്ടതും കുറവ് വന്ന അതാത് നമ്പരിലുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് പുതുക്കി പ്രാബല്യത്തിൽ വരുത്തിയതിന് ശേഷം ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് (സമാനരീതിയിൽ വസ്തുനികുതി കുറവായി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളുടേയും വിവരം ക്രോഡീകരിക്കേണ്ടതും വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്).

## **2-2-3** മൊബൈൽ ടവറുകളുടെ വസ്തുനികുതി-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7) മറുപടിയും രേഖകളും

ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മൊബൈൽ ടവറുകളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമായില്ല. മതിയായ രേഖകളുടെ അഭാവത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കൃത്യമായി നിർണ്ണയിക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടത്തിന്റെ (ആവർത്തന നഷ്ടം) വ്യാപ്തി ഓഡിറ്റിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിൽ നിന്നും നാളിതുവരെ പെർമ്മിറ്റ് എടുത്തിട്ടുള്ള ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ എണ്ണം ,സഞ്ചയ റവന്യൂഡേറ്റാബേസിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച / പരിഷ്കരിച്ച ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ എണ്ണം-നികുതി നിർണ്ണയത്തിന്റെ വിവരങ്ങൾ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം. 40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ കണക്കാക്കുന്ന തറ വിസ്തീർണ്ണത്തിന്റെ വിശദാംശങ്ങൾ, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.10.2011 ലെ I(3)-ാം നമ്പർ തീരുമാനപ്രകാരം മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ പരിഷ്കരിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലുള്ള ടവറുകളുടെ വസ്തുനികുതി പരിഷ്ക്കരിച്ച് 2015-16 വർഷം ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിശദാംശങ്ങൾ മുതലായവ കൃത്യതയോടെ ശേഖരിച്ച് വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശിക സഹിതമുള്ള തുക ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-2-4 വിമുക്തഭടന്മാർക്ക് വസ്തുനികുതിയിളവ് നൽകിയതിലെ അപാകതകൾ

2015-16 വർഷം വിമുക്തഭടന്മാർക്ക് വസ്തുനികുതിയിളവ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 31 പേർക്ക് വസ്തുനികുതിയിളവ് നൽകിയതായി കാണുന്നു. ഇപ്രകാരം വസ്തുനികുതിയിളവ് നൽകുന്നതിന് ജി.ഒ (എം.എസ്.) 242/2013 ത.സ്വ.ഭ .വ തീ. 02.07.2013 പ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ ഉത്തരവ് പ്രകാരം തറവിസ്തീർണം 2000 ചതുരശ്രഅടിയിൽ (185 ച.മീറ്റർ) കവിയാത്ത വീടിന് മാത്രമെ ഇളവിന് അർഹതയുള്ളൂ. എന്നാൽ നികുതിയിളവിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതായോ ഈ നിബന്ധന പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതോ വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകൾ ഇല്ല. രജിസ്റ്ററിലും തറവിസ്തീർണം രേഖപ്പെടുത്തുന്നില്ല. 2015-16 വർഷം നികുതിയിളവ് നൽകിയ അപേക്ഷകൾ എല്ലാം പരിശോധിച്ച് നികുതിയിളവിന് അർഹതയുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇളവനുവദിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം ലഭ്യമാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 2-3-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. 2015-16 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കിറ്റ്സ് എഞ്ചിനീയറിംഗ് കോളേജ് |
| 2 | ഐ.കെ.എം സ്റ്റാഫ് |
| 3 | മിൽക്ക് സൊസൈറ്റി |
| 4 | സപ്ലൈകോ സൂപ്പർമാർക്കറ്റ് |
| 5 | ആപ്പിൾ ട്രീ ചിട്ടിഫണ്ട് |
| 6 | വീനസ് ക്ലിനിക് |
| 7 | വിവിധ ക്ഷീരസഹകരണസംഘങ്ങൾ |
| 8 | താബോർ ക്ളിനിക് |
| 9 | ബിവറേജസ് കോർപ്പറേഷൻ |
| 10 | ശ്രീനിധി കോളേജ് ഓഫ് മാനേജ്മെന്റ് |

കിറ്റ്സ് എഞ്ചിനീയറിംഗ് കോളേജ് എന്ന സ്ഥാപനത്തിൽ നിന്നും 2014-15 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലായി 84 ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിൽ ആകെ 96740/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ടി

സ്ഥാപനത്തിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

2.2015-16 വർഷം പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കോട്ടയം എയ്ഡഡ് സെക്കൻഡറി സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 |
| 2 | കെ.എസ്.ഇ.ബി ഓഫീസ് | 1&2 |
| 3 | മുത്തൂറ്റ് ഫിനാൻസിയേഴ്സ് | 2 |
| 4 | എസ് .ബി.റ്റി | 1 |
| 5 | നിർമ്മല ഹോസ്പിറ്റൽ | 1&2 |
| 6 | മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 2 |
| 7 | ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 1 |
| 8 | ഫെഡറൽ ബാങ്ക്. | 1&2 |
| 10 | അജയ് ഫിനാൻസ് | 1&2 |
| 11 | ആനിക്കാട് ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി | 1&2 |

തൊഴിൽ നികുതി ഈടാക്കാത്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3-2 തൊഴിൽ നികുതി കുറവ് ഈടാക്കി

2015-16 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അർദ്ധവാർഷിക വരുമാന പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും അർദ്ധവാർഷികവരുമാനത്തിന് ആനുപാതികമായ നിരക്കിൽ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | അർദ്ധവർഷം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ആനിക്കാട് റീജിയണൽ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ജോൺ പി.ജെ | 1 | 33372 | 180 | 300 | 120 |
| | | സരോജിനി എ.കെ | 1 | 33372 | 180 | 300 | 120 |
| | | സുധ ശിവൻകുട്ടി | 1 | 33372 | 180 | 300 | 120 |
| | | ഷൈല പി.സി | 1 | 33372 | 180 | 300 | 120 |
| | | മോളി റ്റി | 1 | 33372 | 180 | 300 | 120 |
| | | ജയ അനിൽകുമാർ | 1 | 32562 | 180 | 300 | 120 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ,പള്ളിക്കത്തോട് | അഭിലാഷ് ഇ.കെ | 2 | 48000 | 300 | 450 | 150 |
| 3 | പ്രൂഡൻഷ്യൽ റബ്ബർ ലിമിറ്റഡ് | റെജിമോൻ കെ.എസ് | 2 | 88794 | 600 | 750 | 150 |
| | | അജിത് കുമാർ എസ് | 2 | 88794 | 600 | 750 | 150 |
| | | സജേഷ് എം.കെ | 2 | 88794 | 600 | 750 | 150 |

ആകെ കുറവ് 1320/-രൂപ

മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(നം.4) മറുപടിയിൽ കുറവ് വന്ന നികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട് . കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതും അർദ്ധവാർഷിക വരുമാന പത്രികകൾ പരിശോധനയ്ക്ക് വിധേയമാക്കി അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3-3 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

1. പഞ്ചായത്തിലെ തൊഴിൽനികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ സമഗ്രമായ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
2. തൊഴിൽനികുതി പത്രികയിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തുന്നില്ല. ഉദാഹരണത്തിന് പള്ളിക്കത്തോട് പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമാക്കിയ പത്രികയിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ തൊഴിൽനികുതി മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് .ഇപ്രകാരം ഈടാക്കുന്ന തൊഴിൽനികുതിയുടെ കൃത്യത ഉറപ്പുവരുത്തുന്നതെങ്ങനെയെന്ന് ഓഡിറ്റ് എൻക്വയറിയുടെ (നം.5 ) മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.
3. തൊഴിൽനികുതി പത്രികയിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തുന്നതിന് പകരം അടിസ്ഥാന ശമ്പളം മാത്രം രേഖപ്പെടുത്തുന്നതായി കാണുന്നു. ആയതിനാൽ അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.5 ) മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-4-1 കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ പൂർണമല്ല

2015-16 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് നൽകിയ എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയതായി കാണുന്നില്ല. തറവിസ്തീർണ്ണം, ഈടാക്കിയ പെർമിറ്റ് ഫീസ് മുതലായ അടിസ്ഥാന വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.

തൻവർഷം റഗുലറൈസ് ചെയ്ത എല്ലാ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ

ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ റഗുലറൈസ് ചെയ്യുന്ന കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല എന്നും വസ്തുനികുതി നിർണയ രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. കെ.പി.ബി.ആർ ചട്ടം 137(3) പ്രകാരം ക്രമവൽക്കരിക്കുന്ന കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 2-4-2 ബിൽഡിംഗ് പെർമിറ്റ് ഫീസിൽ കുറവ് വന്ന തുക ഈടാക്കി

2015-16 വർഷം ബിൽഡിംഗ് പെർമിറ്റ് (പെർമിറ്റ് നം.എ.3 2388/15 തീയതി 15.12.2015) നല്കിയ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്, 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പ്രകാരം ഈടാക്കേണ്ടതായ പെർമിറ്റ് ഫീസ് കുറവ് ഈടാക്കിയതായി കാണുന്നു. വിദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | ഈടാക്കിയ പെർമിറ്റ് ഫീസ് ( രൂപ) | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കിയതിൽ കുറവ് (രൂപ) |
|---|---|---|---|---|
| കുഞ്ഞുമോൾ ജോസഫ്, വെള്ളാപ്പള്ളിൽ | 956.93 ച.മീറ്റർ | 2871/- | 4785/- | 1914/- |

പെർമിറ്റ് ഫീസ് കുറവ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.8) പ്രകാരം കുറവ് വന്ന 1914/- രൂപ (രസീത് നം.11602102431 തീ.08.12.2016) ഈടാക്കിയിട്ടുണ്ട്. ഈടാക്കേണ്ട പെർമിറ്റ് ഫീസ് നിരക്ക് ചട്ടങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കെ ഇത്തരം അപാകതകൾ സംഭവിക്കുന്നത് ഓഫീസ് തലത്തിലുള്ള ഉപരിപരിശോധനയുടെ അഭാവവും തന്മൂലമുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ച മൂലവുമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കുന്നത് ഒഴിവാക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2015-16 സാമ്പത്തികവർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതായോ, വിറ്റുവരവ് സംബന്ധിച്ച് അന്വേഷണം നടത്തി ലൈസൻസ് ഫീസ് ഈടാക്കിയതായോ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഉടമയുടെ/ സ്ഥാപനത്തിന്റെ പേര് | അപേക്ഷയോടൊപ്പം കാണിച്ചിട്ടുള്ള വിറ്റുവരവ് (രൂപയിൽ) | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല. കുറവ് (വിറ്റുവരവ് 600/- രൂപ എന്ന് അപേക്ഷയിൽ ചേർത്തിട്ടുള്ളത് യുക്തിസഹമല്ലാത്തതിനാൽ പരമാവധി തുക കണക്കാക്കിയിരിക്കുന്നു) |
|---|---|---|---|---|---|
| 1 | ജയശ്രീ രാജഗോപാൽ, പള്ളിക്കത്തോട് ഫ്യൂവൽ & ലൂബ്രിക്കൻസ് | 600/- | 4000/- | 1000/- | 3000/- |
| 2 | ജോസഫ് ഫിലിപ്പ്, ഓറിയന്റൽ ട്രേഡേഴ്സ് | 26000/- | 1000/- | 300/- | 700/- |
| 3 | റെജി കെ ജി, ഐശ്വര്യ സ്റ്റോഴ്സ് | 15600/- | 500/- | 100/- | 400/- |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12 / 7.12.17) സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കുകയുണ്ടായി. ടി സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ--ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ ചുവടെ ചേർക്കുന്ന സ്വകാര്യആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2015-16 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെയാണ് പ്രവർത്തിച്ചതെന്ന് രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും കാണുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അരുൺ ഡെന്റൽ ക്ലിനിക് |
| 2 | കൃപാ ലബോറട്ടറി |
| 3 | ആർഷം സിദ്ധ ക്ലിനിക് |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/ 7.12.16) രജിസ്ട്രേഷൻ സംബന്ധമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിനും അതുവഴി വരുമാനനഷ്ടം സംഭവിക്കുന്നത് ഇല്ലാതാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 വാടക--വില്ലേജ് ഹാറ്റ് കെട്ടിടം--നിഷ്ക്രിയ ആസ്തിയായും വാടക രഹിതമായും അവശേഷിക്കുന്നു

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് എംഎൽഎ ഫണ്ട് കൂടി സംയോജിപ്പിച്ച് എസ്.ജി.എസ്.വൈ. സ്കീമിൽ വില്ലേജ് ഹാറ്റ് എന്ന പേരിൽ ഒരു കെട്ടിടം നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നു. ഇളമ്പള്ളി എന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള പ്രസ്തുത കെട്ടിടത്തിലെ 9 മുറികൾ വാടക രഹിതമായും പ്രയോജന രഹിതമായും നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ പഴയ റിക്കാർഡുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിന് ചില മുറികൾ ഉപയോഗിച്ചിരിക്കുന്നു. കെട്ടിടം വരുമാനദായകമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടേയും പഞ്ചായത്ത് വക കെട്ടിടങ്ങളുടേയും വൈദ്യുതി ചാർജ് ഒടുക്കൽ-കൺസ്യൂമർ നമ്പരുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ വൈദ്യുതി ചാർജ് ഒടുക്കൽ സംബന്ധിച്ച ചെലവ് വിവരങ്ങളും വൗച്ചറുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1-തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം 58987/-രൂപ (ശരാശരി) ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് ഒടുക്കി വരുന്നു.

ആകെ 24 കൺസ്യൂമർ നമ്പരിലുള്ള ഡിമാന്റ് ബില്ലുകളാണ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും എല്ലാ മാസവും

ലഭിക്കുന്നത്. ഇതിൽ 1257 എന്ന കൺസ്യൂമർ നമ്പരിന് ഫിക്സഡ് ചാർജിനത്തിലുള്ള 720/-രൂപ ഉൾപ്പടെ 54502/-രൂപയും ബാക്കിയുള്ള 23 കൺസ്യൂമർ നമ്പരുകൾക്ക് 195/-രൂപ നിരക്കിലും ഒടുക്കി വരുന്നു. എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല തുക ഒടുക്കി വരുന്നത്. മാത്രമല്ല ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലഭിക്കുന്ന ബില്ലിൽ സൂചിപ്പിച്ചിട്ടുള്ള കൺസ്യൂമർ നമ്പർ പ്രകാരമുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ലൊക്കേഷൻ ,ഘടിപ്പിച്ചിട്ടുള്ള ബൾബുകളുടെ തരം ,ഇനം ,പ്രകാശിക്കുന്നവയാണോ തുടങ്ങിയ വിവരങ്ങളൊന്നും ലഭ്യമല്ല. കൺസ്യൂമർ നമ്പർ 3312 തോമസ് പി. ജെ എന്ന പേരിൽ ഉള്ളതാണ്. ഇത് ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ട തുകയാണോയെന്ന കേവലമായ പരിശോധന പോലും നടത്താതെ ഒടുക്കി വരുന്നു. ഇക്കാര്യം പരിശോധിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് ഒടുക്കാൻ ബാധ്യതപ്പെട്ട തുകയല്ലാത്തവ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കേണ്ടതുമാണ്. ഇപ്രകാരം ഇതിനോടകം ഗ്രാമ പഞ്ചായത്തിന് ബാധ്യതയില്ലാത്ത തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയത് ആവശ്യമായ പരിശോധന നടത്തുന്നതിൽ വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

2-തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിന് പുറമെ പഞ്ചായത്ത് വക കെട്ടിടങ്ങളുടേയും കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകളുടേയും വൈദ്യുതി ചാർജിനത്തിൽ നിരവധി കൺസ്യൂമർ നമ്പരുകളുടെ തുക ഒടുക്കി വരുന്നു.എന്നാൽ പ്രസ്തുത കൺസ്യൂമർ നമ്പരുകൾ ഏതെല്ലാം കെട്ടിടങ്ങളുടേതാണെന്നോ ഇവയുടെ മീറ്ററുകൾ പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമല്ല (ചില ബില്ലുകളിൽ വൈദ്യുതി ഉപഭോഗം യൂണിറ്റടിസ്ഥാനത്തിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ മീറ്ററുകൾ പ്രവർത്തിക്കുന്നില്ലയെന്ന് അനുമാനിക്കുന്നു).

വിവിധ കൺസ്യൂമർ നമ്പരുകൾ ഏതെല്ലാം കെട്ടിടങ്ങളുടേതാണെന്ന് കൃത്യമായി തിട്ടപ്പെടുത്തേണ്ടതും വൈദ്യുതി ഉപഭോഗം നിരീക്ഷിക്കേണ്ടതും വൈദ്യുതി ചാർജ് പരിമിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ മാറ്റി സ്ഥാപിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 പഞ്ചായത്തിലെ വി.പി.എൻ കണക്ഷൻ-വാർഷിക തുക ഒടുക്കിയതിൽ കാലതാമസം-അനാവശ്യമായി ബ്രോഡ്ബാൻഡ് കണക്ഷൻ തുടരുന്നു

ഗ്രാമ പഞ്ചായത്തിലെ വിവിധങ്ങളായ സോഫ്റ്റ്വെയറുകളുടെ ഉപയോഗത്തിനായി ബി.എസ്.എൻ ലിമിറ്റഡിന്റെ General/FMC/120/Rural എന്ന പ്ലാനിൽ വി.പി.എൻ കണക്ഷൻ എടുത്ത ഇനത്തിൽ ഒറ്റത്തവണയായുള്ള തുകയും പ്രതിമാസ ചാർജ് ഇനത്തിലുള്ള തുകയും (120/-രൂപ ) ഒടുക്കുന്നതിനുള്ള ബിൽ ലഭിച്ചിരുന്നു (04812551103 എന്ന നമ്പരിലുള്ള ലാൻഡ് ലൈൻ). ബിൽ പ്രകാരം തുക ഒടുക്കേണ്ട തീയതി 25-04-2015 ആയിരുന്നുവെങ്കിലും തുക ഒടുക്കിയത് 22-07-15 ൽ മാത്രമാണ്. ലേറ്റ് ഫീ ഇനത്തിലുള്ള 322/രൂപ കൂടി ഒടുക്കിയിട്ടുണ്ട് (ബിൽ നമ്പർ-51500235/ 22-07-15, തുക-18523/-രൂപ). പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽവിവരിച്ച പ്ലാനിലുള്ള കണക്ഷന് പുറമെ ഇതേ പ്ലാനിൽ 04812551041 എന്ന ലാൻഡ് ലൈൻ നമ്പരിൽ ബ്രോഡ് ബാൻഡ് കണക്ഷൻ എടുക്കുകയും പ്രതിമാസം ശരാശരി 5000/-രൂപ ഒടുക്കുകയും ചെയ്യുന്നുണ്ട്. വി.പി.എൻ കണക്ഷന് പുറമെ ബ്രോഡ് ബാൻഡ് കണക്ഷൻ നിലനിർത്തേണ്ടതിന്റെ ആവശ്യകത പരിശോധിക്കേണ്ടതും ആവശ്യമില്ലെങ്കിൽ എത്രയും വേഗം ഒഴിവാക്കേണ്ടതുമാണ്.

## 3-3 സർവ്വർ കമ്പ്യൂട്ടറിലും ക്ലയന്റ് കമ്പ്യൂട്ടറുകളിലും ഓപ്പറേറ്റിങ്ങ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്തത്-ഐ. കെ. എം റിപ്പോർട്ട് തേടിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ഒരു സർവ്വർ കമ്പ്യൂട്ടറിലും 10ക്ലയന്റ് കമ്പ്യൂട്ടറുകളിലും വിൻഡോസ് ഓപ്പറേറ്റിങ്ങ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുന്നതിന് വേണ്ടി 74500/-രൂപ ചെലവഴിച്ചിട്ടുണ്ട്. (M S Open Licence Program പ്രകാരം 56000/-രൂപയും Client Access Licence Program പ്രകാരം 18500/-രൂപയും) (വൗച്ചർ നം-21500311/26-8-15).

എന്നാൽ എന്ന് വാങ്ങിയ കമ്പ്യൂട്ടറുകളിലാണ് പ്രസ്തുത ഓപ്പറേറ്റിങ്ങ് സിസ്റ്റം ഇൻസ്റ്റാൾ ചെയ്തതെന്ന് വ്യക്തമല്ല. മാത്രമല്ല ഏത് വേർഷനിലുള്ള ഓപ്പറേറ്റിങ്ങ് സിസ്റ്റം ആണ് ഇൻസ്റ്റാൾ ചെയ്യേണ്ടതെന്ന് ഐ. കെ. എം റിപ്പോർട്ട് തേടിയിട്ടില്ല. ഓപ്പറേറ്റിങ്ങ് സിസ്റ്റം ലഭ്യമാക്കിയ കെൽട്രോണുമായി എർപ്പെട്ടിട്ടുള്ള കരാർ നിയമസാധുത ലഭിക്കുന്ന വിധം പൂർണ്ണമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ ഓപ്പറേറ്റിങ്ങ് സിസ്റ്റം ഉൾപ്പടെ വാങ്ങാതിരുന്നതിന്റെ കാരണം

വ്യക്തമാക്കേണ്ടതുമാണ്.

## 3-4 കുടിവെള്ള പദ്ധതികൾ - ജി ല്ലാ കളക്ടറുടെ ഉത്തരവിലെ നിർദ്ദേശം മറികടന്ന് ആദായ നികുതി ഒഴിവാക്കി

2013-14ലെ വരൾച്ചാദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയത്. കോട്ടയം ജില്ലാകളക്ടറുടെ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ബിൽ അംഗീകരിച്ച് ആദായനികുതി ഉൾപ്പടെയുള്ള കിഴിവുകൾക്ക് ശേഷം കൺവീനർക്ക് തുക നൽകുവാൻ അനുമതി നൽകുകയും ചെയ്തു.ആദായ നികുതിയിനത്തിലുള്ള 1% തുക ഒഴിവാക്കിയാണ് കൺവീനർക്ക് തുക അനുവദിച്ചത്. ജി.ഒ.(ആർ.ടി)3784/2010/ത.സ്വ.ഭ.വ.തീ.2-12-2010 ഉത്തരവ് ചൂണ്ടിക്കാട്ടിയാണ് ആദായനികുതി ഒഴിവാക്കിയത്. എന്നാൽ കേന്ദ്ര ആദായനികുതിനിയമപ്രകാരം ആദായ നികുതി വകുപ്പിൽ നിന്നുള്ള രേഖാമൂലമുള്ള ഒഴിവ് നൽകൽ ഉത്തരവ് കൂടാതെ ആദായനികുതി ഒഴിവാക്കാനാവില്ല. ആദായനികുതി ഒഴിവാക്കി കൺവീനർക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കുടിവെള്ള പദ്ധതിയുടെ പേര് | ജില്ലാകളക്ടറുടെ ഉത്തരവ് നം./തീയതി | ആകെ ബിൽ തുക | കൺവീനർക്ക് അനുവദിച്ച തുക | ആദായ നികുതി | വൗച്ചർനം./ തീയതി |
|---|---|---|---|---|---|
| മണപ്പാട്ടുകുന്ന് കുടിവെള്ള പദ്ധതി | H7-23589/13/Kdis തീ.23.9.2015 | 276774 | 261108 | 2767 | |
| മുകളേൽ പുറത്തിട്ട കുടിവെള്ള പദ്ധതി | H7-24278/13/Kdis തീ.16.12.15 | 296285 | 279514 | 2879 | 21500697/ 21.1.16 |
| ഉദിക്കുഴ കുടിവെള്ള പദ്ധതി | H7-25320/13/Kdis തീ.16.12.15 | 131792 | 124332 | 1281 | 21500701/ 21.1.16 |
| | | | ആകെ | 6927 | |

ജില്ലാകളക്ടറുടെ ഉത്തരവിലെ നിർദ്ദേശം മറികടന്ന് ആദായനികുതി ഇനത്തിലുള്ള 6927 രൂപ ഒഴിവാക്കിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക കൺവീനറിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ആദായനികുതി നിയമ പ്രകാരം ഒടുക്ക് വരുത്തേണ്ടതാണ്.

## 3-5 കമ്പ്യൂട്ടർവൽക്കരണം -പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട്നം.S076/16 , നിർവഹണോദ്യോഗസ്ഥൻ -സെക്രട്ടറി

വകയിരുത്തൽ

വികസന ഫണ്ട് -468000

തനത് ഫണ്ട് - 32000

ആകെ -500000

ചെലവഴിച്ച തുക (495500/- രൂപ)

വികസന ഫണ്ട് -468000 (D.D.No.412503-412511 തീ.29.9.15-9 ഡി.ഡി.കൾ)

തനത് ഫണ്ട് - 27000 (D.D.No.412512 തീ.21.10.15)

ഗ്രാമ പഞ്ചായത്തിൽ കമ്പ്യൂട്ടർ വൽക്കരണം എന്ന പ്രോജക്ടിലുൾപ്പെടുത്തി കെൽട്രോണിൽ നിന്നും വാങ്ങിയ താഴെ

പറയുന്ന ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | വാങ്ങിയ ഇനം | തുക |
|---|---|---|
| 1 | High speed scanner Canon DRM 1060,<br>A3size up to 60ppm | 147619.05<br>vat -7380.95 |
| 2 | Desk top 6nos 42857.14x6 | 257142.84 |
| 3 | Laser printer Duplex Canon LBD 6230 DN A4 size(5nos)<br>11142.86x5 | 55714.30 |
| 4 | Canon Lide120 scanner A4size flathed scanner (3nos)3x3809.52 | 11428.56 |
| | ക്രമ.നം.2 മുതൽ 4 വരെയുള്ളതിന്റെ വാറ്റ് | 16214.28 |
| | Total | 495499.98 |

മേൽ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 6 കമ്പ്യൂട്ടറുകൾ, 5 ലേസർ പ്രിന്റർ, 3 സ്കാനർ, ഒരുഹൈസ്പീഡ് സ്കാനർ എന്നിവ വാങ്ങുന്നതിനായി ആവശ്യകതാ നിർണ്ണയം നടത്തിയതായി കാണുന്നില്ല.
2. കമ്പ്യൂട്ടറുകളുടെ ഓരോ ഐറ്റത്തിന്റെയും സ്പെസിഫിക്കേഷൻ തിരിച്ചുള്ള വില എത്രയാണെന്ന് കെൽട്രോണിൽ നിന്നും ആവശ്യപ്പെട്ടിരുന്നില്ല (കോൺഫിഗറേഷന്റെ മൊത്തത്തിലുള്ള നിരക്ക് മാത്രമാണ് കെൽട്രോൺ അറിയിച്ചത്).
3. മേൽ പരാമർശിച്ചിരുന്ന ഉപകരണങ്ങൾ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിലും ഹാർഡ്‌വെയർ രജിസ്റ്ററിലും ചേർത്തിട്ടുണ്ടെങ്കിലും വിതരണവിവരം ലഭ്യമല്ല.
4. പഞ്ചായത്തുകളിലെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി അധിക കമ്പ്യൂട്ടറുകൾ വാങ്ങുന്നത് സംബന്ധിച്ചുള്ള തദ്ദേശസ്വയംഭരണ (ഐ.റ്റി.) വകുപ്പിന്റെ 03.07.12 ലെ സ.ഉ.(സാധാ)നം.1838/2012 /തസ്വഭവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. നിലവിലുള്ള പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എണ്ണവും ആവശ്യകതയും പ്രത്യേകമായി തിട്ടപ്പെടുത്തുകയോ 7 വർഷത്തിലധികം പഴക്കമുള്ളവ ബൈബാക്ക് വ്യവസ്ഥയിൽ തിരികെ നൽകി പുതിയവ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മേൽ പരാമർശിച്ച അപാകതകളുടെ വെളിച്ചത്തിൽ 495500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 കുറുങ്കുടി അങ്കണവാടി മെയിന്റനൻസ് - കോൺട്രാക്ടറിൽ നിന്നും ഈടാക്കിയ ഫൈൻ--ഡി.ഡി. ആയി സൂക്ഷിക്കുന്നത് ക്രമവിരുദ്ധം

പ്രോജക്ട് നം.145/16

അടങ്കൽ -100,000 (മെയിന്റനൻസ് ഫണ്ട് (നോൺ റോഡ് )

കോൺട്രാക്ടർ -ജോഷി സഖറിയാസ്, വട്ടക്കാവുങ്കൽ

ഫൈൻ ഈടാക്കിയ തുക -21472 (ഡി.ഡി നം.413600 തീ.4.4.16)

കുറുങ്കടി അങ്കണവാടി മെയിന്റനൻസ് എന്ന പ്രവൃത്തി കൃത്യസമയത്ത് പൂർത്തീകരിക്കാതിരുന്നതിനാൽ കോൺട്രാക്ടർ ശ്രീ.ജോഷി സഖറിയാസിൽ നിന്നും 21472/ രൂപ ഫൈനിനത്തിൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി ഫൈൻ തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഡി.ഡി.യാക്കി അസി.എഞ്ചിനീയരുടെ കൈവശം സൂക്ഷിച്ചിരിക്കുകയാണ്. ടി നടപടി ക്രമവിരുദ്ധമാണ്. ഡിമാന്റ് ഡ്രാഫ്റ്റായി പിൻവലിച്ച തുക നാളിതുവരെ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ഫൈൻ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ സാധിക്കുന്നില്ലെങ്കിൽ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 3-7-1 ആവശ്യാധിഷ്ഠിതമല്ലാതെ എസ്.സി.പി.ഫണ്ടുപയോഗിച്ച് ഫർണീച്ചർ വാങ്ങി

പ്രോജക്ട് നം.SO 178/16, അടങ്കൽ -120,900 ചെലവ് -119301 (ഡി.ഡി.നം.413363 തീ.31.03.2016)

എസ്.സി.പി.ഫണ്ടുപയോഗിച്ച് വിവിധ എസ്.സി.തൊഴിൽ പരിശീലന കേന്ദ്രങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്നതിനായി സിഡ്കോയിൽ നിന്നും 119301 രൂപയുടെ ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്.വാങ്ങിയ ഫർണ്ണീച്ചറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Steel table with 1 drawer 1 cupboard 18 mm laminated board top 90x45x75 cm (22g) | 6x3488 =20928 |
| Steel full arm chair with plastic rattened in teak wood seat and back frame seat 45x42,back 45x35 cm | 29x2223=64467 |
| Steel cabinet 198x90x48cm (20g) | 2x9399 =18798 |
| total | 104193 |
| Vat 14.5% | 15108 |
| Total cost | 119301 |

എന്നാൽ നാളിതുവരെ ഈ ഫർണ്ണീച്ചർ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലേയ്ക്ക് വിതരണം ചെയ്തിട്ടില്ല. ആവശ്യാധിഷ്ഠിതമല്ലാതെ എസ്.സി.പി.ഫണ്ടുപയോഗിച്ച് ഫർണ്ണീച്ചർ വാങ്ങി സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയില്ല. ആയതിനാൽ ചെലവഴിച്ച 119301 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7-2 പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗും ക്യാബിൻ/പാർട്ടീഷൻ നിർമ്മാണവും-- സാമ്പത്തിക അച്ചടക്കം പാലിച്ചില്ല

കോട്ടയം ജില്ലാ പഞ്ചായത്ത് പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രം എന്ന രീതിയിൽ എസ്.സി.പി. ഫണ്ടിൽ നിന്നും 50 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ചതും നിലവിലുള്ള ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് സമീപസ്ഥവുമായ കെട്ടിടത്തിലേയ്ക്ക് പഞ്ചായത്ത് കാര്യാലയം മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരുകയാണ്(പ്രസ്തുത നടപടിയ്ക്ക് സംസ്ഥാന കോ-ഓർഡിനേഷൻ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല). പഞ്ചായത്ത് കാര്യാലയത്തിലെ ഫർണീഷിംഗ്, ക്യാബിൻ/പാർട്ടീഷൻ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ റബ്കോ എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ (15-16) ഇതിന്റെ മുൻകൂർ തുകയായി 883361/- രൂപ (475072/- രൂപ ഡി.ഡി.നം.413360/31.03.16, 408289/- രൂപ, ഡി.ഡി.നം.413362/31.03.16) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് നം. എസ്.0167/16 പ്രകാരം ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ സെറ്റിൽമെന്റ് 16-17 വർഷത്തിലാണ് നടത്തിയിട്ടുള്ളത്. ഫർണീഷിങ്ങിനായി മാത്രം 16,33,574/- രൂപ ഏജൻസിയ്ക്ക് നൽകിയതായും റിവോൾവിംഗ് ചെയർ, ക്യൂബിക്കിൾ, ഡൈനിംഗ് ടേബിൾ, കസേരകൾ, വിസിറ്റേഴ്സ് ചെയർ തുടങ്ങിയവയ്ക്ക് താരതമ്യേന കൂടിയ തുക ചെലവഴിച്ചിട്ടുള്ളതായും കാണുന്നു. ഫർണീച്ചറുകളുടെ ഗുണനിലവാരം ഉയർന്നതാണെങ്കിലും ചെലവുകളിൽ കുറെ കൂടി മിതത്വം പാലിക്കാമായിരുന്നതും ഡൈനിംഗ് ടേബിൾ, കസേരകൾ മുതലായവയ്ക്ക് മാത്രമായി ഏകദേശം 40,000/- രൂപ ചെലവഴിച്ച നടപടി ഒഴിവാക്കാവുന്നതുമായിരുന്നുവെന്ന് പ്രാഥമിക പരിശോധനയിൽ ഓഡിറ്റ് വിലയിരുത്തുന്നു. ഇത്രയധികം തുക ചെലവഴിച്ച് ആർജ്ജിച്ച ഫർണീച്ചറുകളുടെ വിവരം ഫർണീച്ചർ സ്റ്റോക്ക് രജിസ്റ്ററിലോ ആസ്തി രജിസ്റ്ററിലോ ചേർത്തിട്ടില്ല. തുടർന്നുള്ള വർഷത്തെ (16-17) വിശദമായ ഓഡിറ്റിന് വിധേയമാക്കേണ്ടതിനാൽ മുൻകൂർ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഡെപ്പോസിറ്റ് പ്രവൃത്തികൾ -നിർവഹണ ഏജൻസി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ തുക മുൻകൂർ ഈടാക്കുന്നു--പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം

തൻവർഷം ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 4.2 ൽ വിശദീകരിച്ചിട്ടുണ്ട്.തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത് ഭൂഗർഭ ജലവകുപ്പിലാണ്. പ്രവൃത്തികളുടെ ഒരു സംക്ഷിപ്ത എസ്റ്റിമേറ്റ് മാത്രം അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നിന്നും തുക ഒടുക്കിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ നിർവഹണ കലണ്ടർ, ലക്ഷ്യമിട്ട പ്രവൃത്തികളുടെ വിശദവിവരം, പൂർത്തിയായതും പൂർത്തിയാക്കാനുള്ളതുമായ ഘട്ടങ്ങൾ തുടങ്ങിയ വിവരങ്ങൾ നിർവഹണ ഏജൻസി ഗ്രാമപഞ്ചായത്തിനെ ധരിപ്പിക്കുകയോ ഇക്കാര്യം ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുകയോ ചെയ്തതായി കാണുന്നില്ല.നിർവഹണ ഏജൻസിയുമായി നിയമസാധുത ലഭിക്കുന്ന വിധം തുക നിക്ഷേപിക്കുന്നതിന് മുമ്പായി ഉഭയകക്ഷി കരാർ ചമയ്ക്കേണ്ടതാണെങ്കിലും അത്തരത്തിലുള്ള ഒരു കരാർ ചമച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കപ്പെടുന്ന രീതിയിൽ യഥാസമയം പൂർണ്ണമായ കരാർ ചമയ്ക്കേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റും മൂല്യനിർണ്ണയ വിശദാംശങ്ങളും പരിശോധിക്കേണ്ടതും പ്രവൃത്തികളുടെ മോണിറ്ററിങ്ങ് സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

## 3-9 നിർബന്ധിത പ്രോജക്ടുകൾ /ജി.ഒ. പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിക്കുന്നത് വിനിയോഗ വിവരം ലഭ്യമല്ല

തൻ വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർബന്ധിത പ്രോജക്ടുകൾ /ജി.ഒ. പ്രോജക്ടുകൾ പ്രകാരം മറ്റ് പ്രോഗ്രാമുകളുടെയും പ്രോജക്ടുകളുടേയും നടത്തിപ്പിനായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും തുക നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിച്ചതിന്റെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോഗ്രാം/പ്രോജക്ട് | ഒടുക്കിയ തുക (രൂപ) | നിക്ഷേപിച്ച സ്ഥാപനം/ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1. | തെരുവു നായ്ക്കളുടെ വന്ധ്യംകരണം | 200,000 | ജില്ലാപഞ്ചായത്ത് , കോട്ടയം | സെക്രട്ടറി |
| 2. | ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കൽ | 520,000 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി |
| 3. | ഐ.എ.വൈ.വിഹിതം (എസ്.സി.പി) | 240,000 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി |
| 4. | എസ്.എസ്.എ.വിഹിതം അടവാക്കൽ | 500,000 | പ്രോജക്ട് ഓഫീസർ , എസ്.എസ്.എ , കോട്ടയം | ഹെഡ്മാസ്റ്റർ |

മേൽ തുകയിൽ എസ്.എസ്.എ. പ്രോജക്ടിനായി നിക്ഷേപിച്ച തുകയുടെ പൊതുവായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രവിഹിതമുൾപ്പടെ ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.ഇവ ലഭ്യമാക്കേണ്ടതും ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി എസ്.എസ്.എ.പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച തുക എന്ന നിലയിൽ നിർദ്ദിഷ്ട പ്രോഗ്രാമുകൾ/പ്രോജക്ടുകൾ നിർവഹിക്കപ്പെട്ടതിന്റെയും ഭൗതിക നേട്ടം കൈവരിച്ചതിന്റെയും വിവരങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ വിലയിരുത്തേണ്ടതാണ്.

## 3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തെ ലേബർ ബജറ്റ്പ്രകാരം 214 പ്രോജക്ടുകൾ വിഭാവനം ചെയ്യുകയും,139 പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 73 പ്രോജക്ടുകൾ തൻ വർഷം പൂർത്തിയാക്കുകയും ചെയ്തു. തൊഴിൽ കാർഡിന് അപേക്ഷിച്ച 165 പേർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. പദ്ധതിയുമായി 605 കുടുംബങ്ങൾ സഹകരിച്ചിട്ടുണ്ട്. തൻവർഷം 715 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തു. 9 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു. തൻവർഷം ഏറ്റെടുത്ത പ്രവൃത്തികൾ ചെറുകിട കർഷകരുടെ സ്ഥലങ്ങളിലെ മൺവേലകൾ, ആസ്തി സൃഷ്ടിക്കുന്നതിനുതകുന്ന 12 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ എന്നിവയാണ്.

തൻവർഷത്തെ വരവ്/ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 3565452 |
| ആകെ | 3565452 |
| ചെലവ് | 3564939.50 |
| നീക്കിയിരുപ്പ് | 512.50 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രവൃത്തിയുടെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 62500 | 62500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂഗർഭ ജലവകുപ്പ് | ചല്ലോലി ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | ഡി.ഡി നം. 413176 തീ.21.03.16 | 199039 | 0 | 199039 |
| ഭൂഗർഭ ജലവകുപ്പ് | ഐ.റ്റി.ഐ.ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | ഡി.ഡി.നം.415945 തീ.25.9.2015 | 41423 | 0 | 41423 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് -ഭവന പദ്ധതി ലോൺ | ജി.ഒ(സാധാ.)നം-823/2010/തസ്വഭവ /തീ.11-3-10 | 7845000 | 200,000 | 200,000 | - | 0 |
| ആർ.ഡി.ബി ലോൺ | കെ.യു.ആർ.ഡി.എഫ്.സി /എ2/271/12/27.1.12 (revised interest) | 7627988 | 7027988 | 300,000 | --- | 6727988 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻ വർഷം 2400 രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം (ഖണ്ഡിക) | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. |
|---|---|---|---|---|
| 2011-12 | 3.2 | 2400 | എൻ.ആർ.ജി.എ. തൊഴിലാളികൾ | 11502102664-676/ 31.3.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെവിശദാംശം

| ക്രമ.നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1 | 2005-06<br>06-07 | 3-3,<br>3-3 | 2009-10<br>2-8 | കെഎസ്ഇബി നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് |
| 2 | 2005-06 | 3-8 | 2009-10<br>2-9 | മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തീകരിക്കാത്തത് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് കൂടാതെ) | 19971750 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29272086 |
| വരവിനങ്ങളിലുള്ള നഷ്ടം | 1320 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1498162 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3-2 | 1320 | | ശ്രീമതി ബിന്ദു എ.ജോയ്, സെക്രട്ടറി |
| ആകെ | 1320 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 495500 | ശ്രീമതി ബിന്ദു എ.ജോയ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(1) | 119301 | ശ്രീമതി സോണിയ പി.മാത്യു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(2) | 883361 | ശ്രീമതി ബിന്ദു എ.ജോയ്, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഖണ്ഡിക – 3-4 തുക-6927/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിന്ദു എ.ജോയ്, സെക്രട്ടറി | സെക്രട്ടറി, കുറ്റൂർ ഗ്രാമപഞ്ചായത്ത്, തിരുവല്ല | |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽ.എഫ്.കെ.പി.4-1680/07/8.9.2009 | |
| 2002-2003 ചെലവ് | എൽ.എഫ്.കെ.പി.4-377/08/29.6.2009 | |
| 2003-2004 ചെലവ് | എൽ.എഫ്.കെ.പി.6-210/06/18.10.2006 | 19 |
| 2002-2003 വരവ് | എൽ.എഫ്.കെ.പി.4-1682/07/8.9.2009 | |
| 2003-2004 വരവ് | എൽ.എഫ്.കെ.പി.12-16/14/13.12.2014 | 2 |
| 2004-2005 വരവ് | എൽ.എഫ്.കെ.പി.4-1684/07/21.2.2011 | 1 |
| 2004-2005 ചെലവ് | എൽ.എഫ്.കെ.പി.1-190/അദാ.സി1/11/21.12.2011 | 6 |
| 2005-2006 | എൽ.എഫ്.കെ.പി.1-960/അദാ.ഡി2/11(1)/22.8.2011 | 3 |
| 2006-2007 | എൽ.എഫ്.കെ.പി.1-960/അദാ.ബി1/11/22.8.2011 | |
| 2007-2008 | എൽ.എഫ്.കെ.പി.1-823/25.08.16/29.08.16 | 4 |
| 2008-2009 | എൽ.എഫ്.കെ.പി.1-824/25.08.16/29.08.16 | 9 |
| 2009-2010 | എൽ.എഫ്.കെ.പി.12/825/25.08.16 | 9 |
| 2010-2011 | എൽ.എഫ്.കെ.പി.12/826/25.08.16 | |
| 2011-2012 | എൽ.എഫ്.കെ.പി.12/827/25.08.16 | 10 |
| 2012-2013 | എൽ.എഫ്.കെ.പി.12/828/25.08.16 | 19 |
| 2013-14 & 2014-15 | കെഎസ്എ-കെടിഎം.പി.12-657/16/12.08.16 | 17 |

ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.**01/2017**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി:30.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം